

വിജയരാഘവന്
ദേശീയ പുരസ്കാരം

# പൂവ് മോഹിച്ചു 'പൂക്കാലം' കിട്ടി

> കാപാലിക എന്ന സിനിമയുടെ ഷൂട്ടിംഗ് നടക്കുമ്പോൾ അച്ഛന്റെ കാർ ഡ്രൈവറായി ലൊക്കേഷനിലേക്ക് കടന്നുചെന്നപ്പോഴാണ് സിനിമയിൽ അഭിനയിക്കാനുള്ള വിളി വന്നത്. അച്ഛനും ചിറ്റമ്മയ്ക്കും സിനിമയിൽ വേഷമുണ്ട്. ഷീലയുടെ കഥാപാത്രം നടത്തുന്ന വേശ്യാലയത്തിൽ പോലീസ് റെയ്ഡിന് എത്തുന്നു. കാപാലിക എന്ന സിനിമയുടെ ഷൂട്ടിംഗ് നടക്കുമ്പോൾ അച്ഛന്റെ കാർ ഡ്രൈവറായി ലൊക്കേഷനിലേയ്ക്ക് കടന്നുചെന്നപ്പോഴാണ് സിനിമയിൽ അഭിനയിക്കാനുള്ള വിളി വന്നത്.

എൻ.എൻ. പിള്ളയുടെ മകന് അഭിനയം അനായാസ കലയായതിൽ അത്ഭുതപ്പെടാനില്ല. കാപാലികയിൽ തുടങ്ങി ദേശാടനവും ഏകലവ്യനും റാംജിറാവു സ്പീക്കിംഗും കിഷ്ക്കിന്ധാ കാണ്ഡവുമൊക്കെ കഴിഞ്ഞ് പൂക്കാലത്തിൽ എത്തുമ്പോൾ ഒരു മഹാനടന്റെ സർഗ്ഗവൈഭവത്തിന്റെ സമ്പൂർണ്ണതയാണ് കാണാൻ കഴിയുക. അഭിനയ ജീവിതത്തിന്റെ അരനൂറ്റാണ്ട് പിന്നിടുമ്പോഴാണ് വിജയരാഘവനെ തേടി കേന്ദ്ര-സംസ്ഥാന പുരസ്കാരങ്ങൾ എത്തിയത്.

കാപാലിക എന്ന സിനിമയുടെ ഷൂട്ടിംഗ് നടക്കുമ്പോൾ അച്ഛന്റെ കാർ ഡ്രൈവറായി ലൊക്കേഷനിലേക്ക് കടന്നുചെന്നപ്പോഴാണ് സിനിമയിൽ അഭിനയിക്കാനുള്ള വിളി വന്നത്. അച്ഛനും ചിറ്റമ്മയ്ക്കും സിനിമയിൽ വേഷമുണ്ട്. ഷീലയുടെ കഥാപാത്രം നടത്തുന്ന വേശ്യാലയത്തിൽ പോലീസ് റെയ്ഡിന് എത്തുന്നു.

അവിടെ ഇടപാടുകാരനായി എത്തുന്ന യുവാവിന്റെ വേഷം ചെയ്യാൻ ആളുവേണം. വളരെ ചെറിയ വേഷം ഇതിന് കണ്ടുവെച്ചിരുന്ന നടൻവന്നില്ല. അങ്ങനെയാണ് സംവിധായകൻ ക്രോസ്ബെൽറ്റ് മണി എൻ.എൻ. പിള്ളയോട് "കുട്ടന് ഈ വേഷം ചെയ്തുകൂടെ" എന്ന് ചോദിക്കുന്നത്. മകനോട് ആ വേഷം ചെയ്യാൻ എൻ. എൻ. പിള്ള പറയുന്നു. അങ്ങനെ സിനിമാനടനായി.


"ഷീലയോടൊപ്പം പാട്ടുപാടി അഭിനയിക്കുന്ന ചെറുപ്പക്കാരനായിട്ടാണ് രംഗപ്രവേശം. വെപ്രാളമൊന്നും തോന്നിയില്ല. കാരണം നാടകത്തിൽ അഭിനയിച്ചുള്ള പരിചയമുണ്ടായിരുന്നു. ഒരു കൗതുകം തോന്നി. തുടർന്നും സിനിമയിൽ അഭിനയിക്കുന്നത് വലിയ പ്രലോഭനമോ ആവേശമോ ആയി അന്ന് തോന്നിയില്ല. കാരണം അന്നേ പ്രശസ്തനായിരുന്നു. നാടകങ്ങൾ വലിയ തോതിൽ അംഗീകരിക്കപ്പെട്ടിരുന്ന കാലം. എവിടെ ചെന്നാലും എൻ.എൻ. പിള്ളയുടെ മകൻ എന്ന സ്ഥാനമുണ്ടായിരുന്നു. അച്ഛന്റെ മകൻ എന്നതിനപ്പുറം അംഗീകരിക്കപ്പെടണം എന്ന ആഗ്രഹമാണ് സിനിമയിൽ സജീവമാക്കിയത്." വിജയരാഘവൻ പറഞ്ഞു.

ആദ്യ സിനിമ അഭിനയിച്ച് ഒമ്പതുവർഷത്തിനുശേഷമാണ് പിന്നീട് കാമറയ്ക്ക് മുന്നിലെത്തിയത്.

**"ഒരാളെ മാത്രം മാതൃകയാക്കി അഭിനയിക്കുന്ന ആളല്ല ഞാൻ ഒരു കഥാപാത്രത്തിൽ പലരുടെയും അംശമുണ്ടാകും. എന്നാൽ ആരെയും അനുകരിക്കുന്നില്ല. അനുകരിച്ചാൽ അത് മിമിക്രിയാകും. ഞാൻ കഥാപാത്രമായി മാറുകയല്ല. കഥാപാത്രം എന്നിലേയ്ക്ക് വരികയാണ് ചെയ്യുന്നത്. കഥാപാത്രത്തെ 100 ശതമാനം നിയന്ത്രിക്കുന്നത് ഞാനാണ്. കഥാപാത്രത്തിന് മേൽ സ്വയം വിമർശനാത്മകമായ നിയന്ത്രണം അതാണ് അഭിനയം"**

ശ്രീകുമാരൻ തമ്പിയുടെ അമ്മയ്ക്കൊരുമ്മ എന്ന ചിത്രത്തിൽ ഒരു സീൻ മാത്രമുള്ള വേഷം. തൊട്ടടുത്ത വർഷം നായകനായി. കലാ സംവിധായകനായിരുന്ന എസ്. കൊന്നനാട് സംവിധാനം ചെയ്ത ഏക ചിത്രമായ സുറുമയിട്ട കണ്ണുകളിൽ ചിത്രം വിജയിച്ചില്ല. പിന്നെ ചെറിയ ചെറിയ വേഷങ്ങൾ ചെയ്തു. ശ്രദ്ധിക്കപ്പെട്ടവേഷം ലഭിച്ചത് പി.ജി. വിശ്വംഭരൻ സംവിധാനം ചെയ്ത ഈ ശബ്ദം ഇന്നത്തെ ശബ്ദത്തിലായിരുന്നു. മമ്മൂട്ടിയായിരുന്നു നായകൻ. പ്രധാന വില്ലൻ വിജയരാഘവൻ. ജോഷി സംവിധാനം ചെയ്ത ന്യൂഡൽഹിയാണ് ഒരു താരം എന്ന നിലയിലേയ്ക്ക് തന്നെ ഉയർത്തിയത്. ചിത്രത്തിന്റെ തമിഴ്, കന്നഡ, തെലുങ്ക്, ഹിന്ദി പതിപ്പുകളിലും, വിജയരാഘവൻ അഭിനയിച്ചു. വില്ലൻ വേഷങ്ങൾക്കൊപ്പം നായകൻ എന്ന നിലയിലും ശ്രദ്ധിക്കാൻ തുടങ്ങി. എന്നാലും വ്യത്യസ്ത വേഷങ്ങൾ ചെയ്യുന്നതിലായിരുന്നു കമ്പം. ഒരു നടൻ എന്ന നിലയിൽ തന്നെയും പ്രേക്ഷകരെയും ഒരു പോലെ തൃപ്തിപ്പെടുത്തിയ മൂനന് ബംപർഹിറ്റ് ചിത്രങ്ങളുണ്ട്. റാംജിറാവു സ്പീക്കിംഗ്, ഏകലവ്യൻ ദേശാടനം എന്നിവ.

രഞ്ജിത് സംവിധാനം ചെയ്ത ലീല എന്ന സിനിമയിലെ പിള്ളേച്ചൻ എന്ന കഥാപാത്രമാണ് തനിക്ക് ഏറ്റവും പ്രിയപ്പെട്ടത്. ഒരുപാട് നല്ല കഥാപാത്രങ്ങളെ അവതരിപ്പിച്ചിട്ടുണ്ടെങ്കിലും "നടേശാ കൊല്ലണ്ട" എന്ന ഡയലോഗിനുള്ള



ആരാധകവൃന്ദം മറ്റൊന്നിനുമില്ല. ഈ ഡയലോഗ് ഒരു വോക്കൽ ട്രിക്കറിയാണെന്നും സാഹചര്യങ്ങൾക്കനുസരിച്ച് സീരിയസ് ഡയലോഗുകളെപോലും തമാശയായി പ്രതിഫലിപ്പിക്കുനന രീതിയാണിതെന്നും അദ്ദേഹം പറഞ്ഞു.

"ഒരാളെ മാത്രം മാതൃകയാക്കി അഭിനയിക്കുന്ന ആളല്ല ഞാൻ ഒരു കഥാപാത്രത്തിൽ പലരുടെയും അംശമുണ്ടാകും. എന്നാൽ ആരെയും അനുകരിക്കുന്നില്ല. അനുകരിച്ചാൽ അത് മിമിക്രിയാകും. ഞാൻ കഥാപാത്രമായി മാറുകയല്ല. കഥാപാത്രം എന്നിലേയ്ക്ക് വരികയാണ് ചെയ്യുന്നത്. കഥാപാത്രത്തെ 100 ശതമാനം നിയന്ത്രിക്കുന്നത് ഞാനാണ്. കഥാപാത്രത്തിന് മേൽ സ്വയം വിമർശനാത്മകമായ നിയന്ത്രണം അതാണ് അഭിനയം"

ഈ സമീപനം ദേശാടനത്തിലെ ശങ്കരനെ മികവുറ്റതാക്കാൻ ഉപകരിച്ചു. ഹീറോ ഇമേജ് ഉണ്ടായിരുന്ന കാലത്ത് വിജയ രാഘവൻ വ്യത്യസ്തമായി ചെയ്ത വേഷമാണിത്.

സിനിമയുടെ വേഷം മനസ്സിലുണ്ടായിരുന്നതുകൊണ്ട് കഥകളിനടനായ കോട്ടയ്ക്കൽ ശിവരാമന്റെ രൂപം തന്നെ സ്വാധീനിച്ചു. ഗോപി, നെടുമുടി വേണു, തിലകൻ എന്നിവരാണ് ഇഷ്ട താരങ്ങൾ

അഭിനയ ജീവിതം അമ്പത് വർഷം പൂർത്തിയാക്കുമ്പോഴാണ് എണ്ണപ്പെട്ട പുരസ്കാരങ്ങൾ വന്നു ചേർന്നത്. അതിൽ കുണ്ഠിതമില്ല. എൻ.എൻ. പിള്ളയുടെ മകനായി പിറന്നതാണ് ഏറ്റവും വലിയ ഭാഗ്യം. സിനിമ തനിക്ക് എല്ലാം തന്നു. എത്രയോ ലക്ഷം ആളുകൾ തന്നെ തിരിച്ചറിയുന്നു. സിനിമ കാരണം സുഖമായി ജീവിക്കുന്നു. ഇന്നും അഭിനയം തുടരുന്നു. ഇതൊക്കെ പോരെ ജീവിത വിജയത്തിന്? ഞാൻ നൂറ് ശതമാനം ഭാഗ്യവാനാണ്." വിജയരാഘവൻ മനസ്സുതുറന്നു.

അഭിനയ ജീവിതത്തിന്റെ 50 സംവത്സരങ്ങൾ പൂർത്തിയായ വേളയിൽ വിജയരാഘവൻ മോഹിച്ചത് അഭിനന്ദനത്തിന്റെ ഒരു പൂവ് മാത്രം. പക്ഷെ കാലം



**അഭിനയ ജീവിതത്തിൽ വല്ലപ്പോഴും സംഭവിക്കുന്നു സൗഭാഗ്യമാണിതെന്ന് വിജയരാഘവൻ വിശ്വസിക്കുന്നു. "പ്രായം ചെന്നൊരു വേഷം ചെയ്യണം എന്നത് വളരെക്കാലമായുള്ള മോഹമായിരുന്നു. ഏകലവ്യനിലും രൗദ്രത്തിലും പൊറിഞ്ചു മറിയത്തിലുമെല്ലാം മുമ്പ് പ്രായം ചെന്ന വേഷങ്ങൾ ചെയ്തിട്ടുണ്ടെങ്കിലും ഇത്തരമൊരു രൂപത്തിൽ ഇതാദ്യമായിട്ടാണ്.**

അദ്ദേഹത്തിന് നൽകിയത് ഒരു പൂക്കാലമാണ്. പ്രതിഭയുടെ വസന്ത പൗർണ്ണമി.വിസ്മയിപ്പിക്കുന്നതായിരുന്നു. നൂറു വയസ്സുകാരാനായിട്ടുള്ള ആ പകർന്നാട്ടം. പൂക്കാലത്തിലെ പ്രകടനം ജീവിതത്തിലാദ്യമായി സംസ്ഥാന പുരസ്കാരവും കേന്ദ്ര പുരസ്കാരവും ഒറ്റയടിക്ക് നേടിക്കൊടുത്തി. നടന വൈഭവത്തിന് ലഭിച്ച അത്യപൂർവ അംഗീകാരം തന്നെയാണിത്.

അഭിനയ ജീവിതത്തിൽ വല്ലപ്പോഴും സംഭവിക്കുന്ന സൗഭാഗ്യമാണിതെന്ന് വിജയരാഘവൻ വിശ്വസിക്കുന്നു. "പ്രായം ചെന്നൊരു വേഷം ചെയ്യണം എന്നത് വളരെക്കാലമായുള്ള മോഹമായിരുന്നു. ഏകലവ്യനിലും രൗദ്രത്തിലും പൊറിഞ്ചുമറിയത്തിലുമെല്ലാം മുമ്പ് പ്രായം ചെന്ന വേഷങ്ങൾ ചെയ്തിട്ടുണ്ടെങ്കിലും ഇത്തരമൊരു രൂപത്തിൽ ഇതാദ്യമായിട്ടാണ്. കൊട്ടാരക്കര ശ്രീധരൻ നായർ അരനാഴിക നേരത്തിൽ തൊണ്ണൂറുകാരന്റെ വേഷത്തിൽ വന്നത് മനസ്സിന്റെ ഒരു മൂലയിൽ ഒളിഞ്ഞു കിടക്കുന്നുണ്ടായിരുന്നു. അതുകൊണ്ടുതന്നെ ഏറെ സന്തോഷത്തോടെയാണ് അപ്പൂപ്പൻ വേഷം സ്വീകരിച്ചത്.

സംവിധായകനും നിർമ്മാതാവും ചേർന്ന് കഥപറഞ്ഞപ്പോൾ ഇഷ്ടമായി. ഞാൻ "ഓക്കെ" യാണെങ്കിൽ മുന്നോട്ടുപോകാം എന്നാണവർ പറഞ്ഞത്. അപ്പൂപ്പനായി അവരുടെ മനസ്സിൽ ഞാൻ മാത്രമേയുള്ളൂ. എന്ന അറിവ് എനിക്ക് ആവേശം പകർന്നു. ആ നിമിഷം മുതൽ ഞാൻ കഥാ പാത്രമായി മാറി" വിജയരാഘവൻ പറഞ്ഞു.

നൂറ് വയസ്സ് പിന്നിട്ടവരുടെ പെരുമാറ്റവും കാഴ്ചപ്പാടും സംഭാഷണ ശൈലിയുമൊക്കെ ചില വന്ദ്യവയോധികരെ കണ്ട് ഹൃദിസ്ഥമാക്കി. എന്നാൽ കണ്ണും വായുമെല്ലാം പൂർണ്ണമായും അടച്ചുകൊണ്ടുള്ള പോസ്റ്ററിക് മേക്കപ്പിന് തയ്യാറായില്ല. കഥാപാത്രമായി സ്വയം വിശ്വസിച്ചു കഴിഞ്ഞാൽ കണ്ടതും കേട്ടതുമായ കാര്യങ്ങളെല്ലാം മനസ്സിലേയ്ക്ക് ഇരമ്പി വരും. പക്ഷെ നടൻ കഥാപാത്രമായി മാറി എന്ന വിലയിരുത്തലിനോട് താൻ യോജിക്കുന്നില്ല. പല കാര്യങ്ങളും കൂട്ടിയോജിപ്പിച്ച് ഞാൻ എന്ന കാൻവാസിലേയ്ക്ക് കഥാപാത്രത്തെ എത്തിക്കുന്നതാണ് തന്റെ രീതിയെന്ന് വിജയരാഘവൻ പറഞ്ഞു.

കഥാപാത്രത്തിനായി ശരീരഭാരം പത്ത് കിലോ കുറച്ചു. അരി, ഗോതമ്പ് ഉൾപ്പെടെയുള്ള ധാന്യങ്ങൾ, കിഴങ്ങു വർഗ്ഗങ്ങൾ, മധുരം എന്നിവ ഒഴിവാക്കി. മുടി വടിച്ചും പുരികം വെട്ടിക്കളഞ്ഞും കൈകാലുകളിലെ നഖങ്ങൾ നീട്ടിയും കഥാപാത്രത്തിനായി തയ്യാറെടുത്തു. പ്രായം ചെന്നവരുടെ ശരീരത്തിൽ കാണുന്ന ചുളിവുകളും കലകളുമെല്ലാം ശ്രദ്ധിച്ചുള്ള ഡീറ്റേലിംഗിലൂടെയാണ് മേക്കപ്പ് മുന്നോട്ട് പോയത്. ആ കഠിനാധ്വാനത്തിനൊക്കെ ഫലമുണ്ടായി ഡബിൾ സെഞ്ചറിയാണ് നേടിയത്.

